(സി) ഡെങ്കിപ്പനി, മലമ്പനി തുടങ്ങിയ കൊതുക് ജന്യരോഗങ്ങൾ തടയുന്നതിനായി ഊർജ്ജിത കൊതുക് നശീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ആഴ്ചയിലൊരിക്കൽ ഉറവിട നശീകരണത്തിനായി ഡ്രൈഡേ ആചരണം (വ്യാഴാഴ്ച സ്ഥാപനങ്ങളിലും വെള്ളിയാഴ്ച സ്കൂളുകളിലും ഞായറാഴ്ച വീടുകളിലും) ഫോഗിംഗ്, സ്പ്രേയിംഗ് എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ ജലസ്രോതസ്സുകളിൽ കുത്താടിഭോജിമൽസ്യങ്ങളെ നിക്ഷേപിക്കുന്ന പ്രവർത്തനവും നടന്നുവരുന്നു.

ജലജന്യ രോഗങ്ങളുടെ നിയന്ത്രണത്തിനായി മഴക്കാല പൂർവ്വ ശുചീകരണം, ജലശുദ്ധീകരണ ക്യാമ്പയിനുകൾ, ക്ലോറിനേഷൻ തുടങ്ങിയവ നടത്തിയിട്ടുണ്ട്. സേഫ് കേരളയുടെ ഭാഗമായും അല്ലാതെയും ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും സ്കൂളുകളിലും പരിശോധന നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

വായുവിലൂടെ പകരുന്ന ഇൻഫ്ലുവൻസ, എച്ച്1 എൻ1 എന്നീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ആവശ്യാനുസരണം പനി വാർഡുകൾ, പനി ക്ലിനിക്കുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ആശുപത്രികളിലും ആർ.ആർ.റ്റി. പുനഃസംഘടിപ്പിച്ചു. ആശുപത്രികളിൽ ഒസൾട്ടാമീവിർ മരുന്നിന്റെലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. എല്ലാ പ്രധാന ആശുപത്രികളിലും (പ്രൈവറ്റ് ആശുപത്രികൾ ഉൾപ്പെടെ) എച്ച്1 എൻ1 ചികിത്സാ മാർഗ്ഗരേഖ വിതരണം ചെയ്തിട്ടുണ്ട്. വ്യാപകമായി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുമുണ്ട്.

പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് നടപടി

79 (T 2288) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര പോഷകാഹാരനയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പോഷകാഹാരത്തിന്റെ പ്രാധാന്യം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകുമോ ;

(ഡി) സമഗ്ര പോഷകാഹാര പദ്ധതിയുടെ വിജയത്തിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണം ഏത് രീതിയിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ പോഷകാഹാരനയം രൂപീകരിച്ച് 4-2-2014-ലെ സ.ഉ. (എം എസ്.) നമ്പർ 08/2014/സാ.നീ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സാമൂഹ്യനീതിവകുപ്പ് അങ്കണവാടികൾവഴി 6 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾക്കും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും അനുപൂരക പോഷകാഹാരം നൽകിവരുന്നു. കുട്ടികളുടെ പോഷകാഹാരകുറവ് കണ്ടെത്തുന്നതിന് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ പുതിയ മാനദണ്ഡമനുസരിച്ചുള്ള ഗ്രോത്ത് ചാർട്ട് ഉപയോഗിക്കുന്നതിന് അങ്കണവാടി വർക്കർമാർക്ക് പരിശീലനം നൽകുകയും കൃത്യമായി കുട്ടികളുടെ ഭാരം എടുത്ത് പോഷകാഹാരക്കുറവ് കണ്ടെത്തുകയും പോഷകാഹാരക്കുറവുള്ളവർക്ക് അധിക പോഷണം നൽകിന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അങ്കണവാടി ഗുണഭോക്താക്കൾക്ക് നൽകുക്കൊണ്ടിരിക്കുന്ന ജനറൽ ഫീഡിംഗിനു പുറമേ പാൽ, മുട്ട, പഴം എന്നിവയും അങ്കണവാടികളിൽനിന്നും നൽകുന്നുണ്ട്.

(സി) പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിൽ അവബോധം വളർത്തുന്നതിനാവശ്യമായ നടപടികൾ പൊതുവിദ്യാഭ്യാസവകുപ്പ് നേരത്തെ തന്നെ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിവിധ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ പാഠ്യപദ്ധതിയായി തന്നെ ഉൾക്കൊള്ളിച്ചിട്ടുള്ളതുമാണ്. 3, 6, 7 ക്ലാസ്സുകളിലായി സയൻസ് പാഠപുസ്തകത്തിൽ പോഷകാഹാരത്തെക്കുറിച്ചും ആരോഗ്യകരമായ ജീവിതത്തെക്കുറിച്ചും വിശദമായി

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 9-ാം ക്ലാസ്സിലെ ജീവശാസ്ത്രം പാഠപുസ്തകത്തിൽ പോഷകാഹാരക്കുറവ് കൊണ്ട് ഉണ്ടായേക്കാവുന്ന ചില രോഗങ്ങളെക്കുറിച്ചുള്ള വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) അധികാര വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിലെ ഭക്ഷണവിതരണം ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതാത് പഞ്ചായത്തുകൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ഓരോ മേഖലകളിലേയും വിവിധ ഭക്ഷണക്രമങ്ങൾ അനുസരിച്ചും പ്രോജക്ട് വച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. അതാത് പഞ്ചായത്തുകളാണ് അങ്കണവാടികളിലെ ഭക്ഷണക്രമം തീരുമാനിക്കുന്നത്. ഏതുതരത്തിലുള്ള ഭക്ഷണ പദാർത്ഥങ്ങൾ നൽകിയാലും കേന്ദ്ര സർക്കാരിന്റെ Norms അനുസരിച്ചുള്ള പോഷകമൂല്യങ്ങൾ അടങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി മേഖലകളിൽ വ്യാപിക്കുന്ന മാരകരോഗങ്ങൾ

80 (2289) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന മേഖലകളിൽ ക്യാൻസർ പോലെയുള്ള മാരക രോഗങ്ങൾ വ്യാപകമാകുന്നുവെന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് തടയുന്നതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് പഠിക്കുന്നതിനും കാരണം കണ്ടെത്തി രോഗം തടയുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നടത്തിയിട്ടില്ല.

(സി) പരിശോധിക്കുന്നതാണ്.

ആദിവാസികൾക്കുള്ള സൗജന്യചികിത്സ പദ്ധതി

81 (2290) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly